# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 571 — 10.07.2012-ൽ മറുപടിയ്ക്ക്.

## കേന്ദ്ര സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുകളുടെ ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. കെ. ശിവദാസൻനായർ :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി അവയുടെ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ഈ പദ്ധതികളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം; | (എ) ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ച് കാലാകാലങ്ങളിൽ പ്രഖ്യാപിക്കപ്പെടുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷ സെക്ഷൻ വഴിയും അഞ്ചു ജില്ലകളിൽ പ്രവർത്തിക്കുന്ന മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ മുഖേനയും ദിനപത്രങ്ങൾ, ആകാശവാണി, ദൂരദർശൻ തുടങ്ങിയവ വഴിയും ജനങ്ങളിലെത്തിക്കുവാൻ ശ്രമിക്കുന്നുണ്ട്. കൂടാതെ വകുപ്പിന് സ്വന്തമായി വെബ്സൈറ്റും തയ്യാറാക്കി വരുന്നു.<br>സൈനിക /സായുധ സേനകളിൽ ചേരാനാഗ്രഹിക്കുന്ന ന്യൂനപക്ഷ ക്ഷേമ വിഭാഗ മത്സരാർത്ഥികൾക്ക് പരിശീലനം, വിവാഹമോചിതരും കിടപ്പാടമില്ലാത്തവരുമായ വനിതകൾക്ക് വീട് വെയ്ക്കുവാൻ ധന സഹായം, കുടുംബശ്രീ മാതൃകയിൽ SHGs എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ - സബ് സെന്ററുകൾ, മദ്രസ്സ അദ്ധ്യാപക ക്ഷേമ നിധി പെൻഷൻ, എം.എസ്.ഡി.പി. പദ്ധതി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പ്രി മെട്രിക്, പോസ്റ്റ് മെട്രിക്, സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സ്റ്റൈപന്റ് തുടങ്ങിയ ക്ഷേമ പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കാനുദ്ദേശിക്കുന്നു. |
| (ബി) ഇതിനായി ന്യൂനപക്ഷക്ഷേമ പ്രമോട്ടർമാരെ നിയമിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്, കേന്ദ്ര - സംസ്ഥാന തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും കൃത്യമായി ഗുണഭോക്താക്കളിൽ എത്തുന്ന തരത്തിൽ അവരെ ബോധവൽക്കരിക്കുന്നതിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലേതിന് സമാനമായി സംസ്ഥാനത്ത് ആയിരം ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവരുടെ ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും എന്തൊക്കെ യാണ്; | (സി) | കേന്ദ്ര - സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പുകൾ നടത്തുന്ന പദ്ധതികളെപ്പറ്റിയും ആരോഗ്യ, സാമൂഹ്യക്ഷേമ, വിദ്യാഭ്യാസ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ, ബാങ്കുകൾ, മറ്റു പൊതു മേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയൊക്കെ ന്യൂനപക്ഷ ക്ഷേമത്തി നായി നടത്തുന്ന പദ്ധതികളെപ്പറ്റിയും ന്യൂനപക്ഷ ജനതയെ ബോധവൽക്കരിക്കുകയും അർഹ മായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ട സഹായം ചെയ്തുകൊടുക്കുകയു മാണ് പ്രമോട്ടർമാരുടെ പ്രധാന കർത്തവ്യം. |
| (ഡി) | ഇതിനായി സംസ്ഥാന വ്യാപക മായി ബോധവൽക്കരണക്യാമ്പു കൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുന്ന തിനായി 1000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.